"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.437/2026/LSGD തീയതി,തിരുവനന്തപുരം, 20-02-2026

പരാമർശം:- 1. 19.02.2024 ലെ സ.ഉ.(സാധാ) 405/2024/തസ്വഭവ നമ്പർ ഉത്തരവ്.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.12.2024 ലെ LSGD/PD/41263/2024-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ഒട്ടനവധി ജലസ്രോതസ്സുകൾ വറ്റിവരണ്ടു പോയതിനാലും ജല ജീവൻ മിഷൻ പദ്ധതി കാര്യക്ഷമമായിട്ടില്ലാത്തതിനാലും രൂക്ഷമായി കുടിവെള്ളക്ഷാമം അനുഭവപ്പെട്ട 17 വാർഡുകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളവിതരണം നടത്തേണ്ടതായി വന്നുവെന്നും ഇതു പ്രകാരം 11.04.2024 മുതൽ 31.05.2024 വരെ ലിറ്ററിന് 49.70 പൈസ നിരക്കിൽ 8418000 ലിറ്റർ കുടിവെള്ളം വിതരണം നടത്തിയത്തിന് ആകെ 41,83,746/- രൂപ ചെലവ് വന്നതായി പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്തുകളിൽ കുടിവെള്ളവിതരണം നടത്തുന്നതിന് 12 ലക്ഷം രൂപയാണ് ചെലവഴിക്കാൻ അനുമതിയുള്ളതെന്നും ഇതു പ്രകാരം അനുവദനീയമായ 12 ലക്ഷം രൂപ, കരാറുകാരൻ സമർപ്പിച്ച ബില്ലും, അനുബന്ധ രേഖകളും പരിശോധിച്ചു കരാറുകാരനു നൽകിയിട്ടുള്ളതായും, ബാക്കി നൽകേണ്ട തുകയായ 29,83,746/- രൂപ തനത് ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ടെണ്ടർ നടപടികൾ, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ് രേഖകൾ തുടങ്ങി അനബന്ധ രേഖകൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിൽ **11.04.2024** മുതൽ **31.05.2024** വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചെലവായ **29,83,746/-** (ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിമൂവായിരത്തി എഴുന്നൂറ്റി നാൽപത്തിആറ് രൂപ മാത്രം) രൂപ, ചെലവ് ആധികാരികത പൂത്തൂർ ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ഗ്രാമപഞ്ചായത്തിന്റെ തനത്/ വികസനഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പൂത്തൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പൂത്തൂർ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്1/ആഡിറ്റ് 2) കേരള,
തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 20-02-2026 15:37:14